

# EduVision-2025

## അക്കാദമിക് മാസ്റ്റർപ്ലാൻ
## 2025 - 2026

**എ.യു.പി. സ്കൂൾ എഴുവന്തല നോർത്ത്**
**നെല്ലായ**

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| Sl.No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കൽ. | • അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ.<br>• അക്ഷരകാർഡ്,വാക്കുകൾ എഴുതിയ കാർഡ്<br>• class ൽ അക്ഷരമാല പ്രദർശനം.<br>• ഓൺലൈൻ അക്ഷരമാല കളികൾ.<br>• വാക്കുകൾ എഴുതിയ കാർഡുകൾ.<br>• വാക്കുകൾ നിർമ്മാണം<br>• വാക്യങ്ങളുടെ നിർമ്മാണം<br>• ~~(HS വിഭാഗത്തിലെ നിരക്ഷരരായവരിലുള്ള കുട്ടികളിൽ PRE-TEST നടത്തി,കുട്ടികളെ പ്രവർത്തനങ്ങൾ നടപ്പിലാക്കൽ~~ . | JUNE to AUGUST | അക്ഷരചാർട്ട്<br>പാഠപുസ്തകം | BRC<br>DIET<br>SCERT(ആവശ്യമെങ്കിൽ)<br>Resource teachers |
| 2 | വീട് ഒരു പരീക്ഷണശാല (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കുക.) | • വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ ഉൾപ്പെടെയുള്ള വസ്തുക്കളുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം<br>• CWSN കുട്ടികളുടെ പങ്കാളിത്തം<br>• ............... | September to October | ഹിന്ദി നിഘണ്ടു. | PTA,BRC<br>Resource Teacher |

# അക്കാദമിക് മാസ്റ്റർപ്ലാൻ- ഹിന്ദി

| | | | | | |
|---|---|---|---|---|---|
| 3 | **ആശയങ്ങൾ തെറ്റുകൂടാതെ** **പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം.** **(സുരീലി ഹിന്ദി)** | • ഹിന്ദി അസംബ്ളി<br>• ദിനാചരണങ്ങൾ (പ്രത്യേകിച്ച് സെപ്റ്റംബർ 14, ജനവരി 10)<br>• ക്ലാസ് ലൈബ്രറി<br>• അധികവായന സാമഗ്രികൾ<br>• ചിത്രസഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ<br>• ചിത്രം-അടിക്കുറുപ്പ്<br>• ചിത്രം-കഥ പറയൽ<br>• ചിത്രം-കഥ എഴുതൽ<br>• കഥ ബാക്കിഎഴുതൽ<br>• വായനമൂല<br>• ഹിന്ദിക്ളബ്ബ് പ്രവർത്തനങ്ങൾ | November to February. | പുസ്തകങ്ങൾ | BRC<br>DIET<br>PTA<br>SCERT |
| | | | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -26

## UP മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാകുട്ടികൾക്കുംമലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി ഉറപ്പാക്കുക | പ്രീ ടെസ്റ്റ്<br>അക്ഷരമുറപ്പിക്കൽ<br>ചിഹ്നം ഉറപ്പിക്കൽ<br>വാക്യ നിർമ്മാണം | ജൂൺ<br>അക്കാദമിക വർഷം | മലയാളം അധ്യാപകർ | PTA |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>ക്ലാസ് ലൈബ്രറി<br>കുട്ടികളുടെനിലവാരത്തിനനുസരിച്ച്പുസ്തകംലഭ്യമാക്കൽ<br>പിറന്നാളിന് ഒരു പുസ്തകം<br>റീഡിങ് റൂം<br>പത്രവായന | ജൂൺ<br>10 മാസം | മലയാളം അധ്യാപകർ, വിദ്യാരംഗം | PTA |
| പത്രവായന പരിപോഷിപ്പിക്കുക | പരമാവധി പത്രങ്ങൾ ലഭ്യമാക്കൽ<br>പ്രധാനപത്രവാർത്തകളുടെ അവതരണം<br>പത്രക്വിസ് | അക്കാദമിക വർഷം | മലയാളം അധ്യാപകർ | PTA |
| സർഗ്ഗശേഷി വികസനം | വായനാനുഭവംപങ്കുവെക്കൽ | | മലയാളം അധ്യാപകർ, | PTA |

| | | | | |
|---|---|---|---|---|
| | സാഹിത്യക്വിസ്(ക്ലാസ് തലം)<br>അമ്മമാർക്ക് ഒരു പുസ്തകം (കുട്ടികൾ കൈവശം കൊടുത്തയക്കുക) | 10 മാസം | വിദ്യാരംഗം | |
| പഠിതാക്കളുടെകലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ടു വരുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ചുള്ള പ്രവർത്തനങ്ങൾ<br><br>രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ലഘുനാടക ങ്ങൾ അവതരിപ്പിക്കാൻ സ്കൂൾ അസംബ്ലിയിൽ അവസരം നൽകുന്നു | 10 മാസം<br><br>സമയ ബന്ധിതമായി | മലയാളം അധ്യാപകർ | PTA |

# അറബിക് മാസ്റ്റർ പ്ലാൻ 2025-2026

## 1. ആമുഖം

ഈ മാസ്റ്റർ പ്ലാൻ പ്രൈമറി (1-4 ക്ലാസുകൾ) മുതൽ അപ്പർ പ്രൈമറി (5-7 ക്ലാസുകൾ) വരെയുള്ള വിദ്യാർത്ഥികൾക്ക് അറബിക് ഭാഷ പഠിക്കുന്നതിനുള്ള സമഗ്രമായ ഒരു പരിപാടിയാണ്. ഇത് പ്രായത്തിനനുസരിച്ചുള്ള പഠന രീതികളും, പ്രവർത്തന അധിഷ്ഠിത പഠനവും, ആശയവിനിമയ കഴിവുകളും കേന്ദ്രീകരിച്ചുള്ളതാണ്.

## പ്രധാന ലക്ഷ്യങ്ങൾ

1. അറബിക് അക്ഷരമാല പരിചയപ്പെടുത്തലും അടിസ്ഥാന വായനയും
2. അടിസ്ഥാന സംഭാഷണ നൈപുണ്യങ്ങൾ വികസിപ്പിക്കൽ
3. ലളിതമായ എഴുത്തും വായനയും പരിശീലിക്കൽ
4. സാംസ്കാരിക അവബോധം വളർത്തൽ
5. ഭാഷാപരമായ ആത്മവിശ്വാസം വർദ്ധിപ്പിക്കൽ

## 2. പ്രൈമറി വിദ്യാർത്ഥികൾക്കുള്ള പാഠ്യപദ്ധതി (1-4 ക്ലാസ്)

**പഠന ലക്ഷ്യങ്ങൾ**

- അറബിക് അക്ഷരമാല പരിചയപ്പെടുത്തൽ
- അടിസ്ഥാന ശബ്ദങ്ങൾ തിരിച്ചറിയൽ
- ലളിതമായ അഭിവാദ്യങ്ങളും പ്രതികരണങ്ങളും

# ക്ലാസ് 1-2

| പഠന ലക്ഷ്യങ്ങൾ | പാഠഭാഗങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| • അറബിക് അക്ഷരമാല പരിചയപ്പെടുത്തൽ<br>• അടിസ്ഥാന ശബ്ദങ്ങൾ തിരിച്ചറിയൽ | 1. **ആഴ്ച 1-4: അക്ഷരമാല പരിചയം** അറബിക് അക്ഷരങ്ങൾ ( ا ب ت ث ج ح خ...)<br>• അക്ഷരങ്ങളുടെ ശബ്ദങ്ങൾ<br>• എഴുതുന്ന രീതി | • അക്ഷരങ്ങൾ പരിശീലിക്കാനുള്ള കളികൾ<br>• ചിത്രങ്ങളും വാക്കുകളും തമ്മിൽ യോജിപ്പിക്കൽ |

| | | |
|---|---|---|
| • ലളിതമായ അഭിവാദ്യങ്ങളും പ്രതികരണങ്ങളും | 2. **ആഴ്ച 5-8: അടിസ്ഥാന വാക്കുകൾ**<br>• കുടുംബ അംഗങ്ങളുടെ പേരുകൾ (أب، أم، أخ، أخت)<br>• നിറങ്ങൾ ( أحمر، أزرق، أخضر، أصفر)<br>• സംഖ്യകൾ 1-10 ( واحد، اثنان، ثلاثة...)<br>3. **ആഴ്ച 9-12: അഭിവാദ്യങ്ങൾ**<br>• സലാം അലൈക്കും ( السلام عليكم)<br>• സബാഹുൽ ഖൈർ ( صباح الخير)<br>• മസാഉൽ ഖൈർ (مساء الخير)<br>• ശുക്രൻ (شكرا) | • അഭിവാദ്യ പരിശീലനം - റോൾ പ്ലേ<br>• അറബിക് പാട്ടുകൾ പഠിക്കൽ |

## ക്ലാസ് 3-4

| പഠന ലക്ഷ്യങ്ങൾ | പാഠഭാഗങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| • ചെറിയ വാക്യങ്ങൾ വായിക്കാനും എഴുതാനും കഴിയുക<br>• അടിസ്ഥാന സംഭാഷണങ്ങളിൽ പങ്കെടുക്കുക<br>• ലളിതമായ വിവരണങ്ങൾ മനസ്സിലാക്കുക | 1. **ആഴ്ച 1-4: എന്നെക്കുറിച്ച്**<br>• സ്വയം പരിചയപ്പെടുത്തൽ ( أنا اسمي...)<br>• പ്രായം, വിദ്യാഭ്യാസം ( عمري....، أنا طالب/طالبة في...)<br>• ഹോബികൾ (أحب أن...)<br>2. **ആഴ്ച 5-8: എന്റെ ചുറ്റുപാട്**<br>• വീട് (بيت، غرفة، مطبخ...)<br>• സ്കൂൾ ( مدرسة، صف، معلم/معلمة...)<br>• ഭക്ഷണം ( طعام، فواكه، خضروات...)<br>3. **ആഴ്ച 9-12: ദിവസവും സമയവും** | • ചെറിയ വിവരണ കാർഡുകൾ തയ്യാറാക്കൽ<br>• റോൾ പ്ലേ - ഷോപ്പിംഗ്, റെസ്റ്റോറന്റ്<br>• അറബിക് പദപ്രശ്നങ്ങൾ<br>• ലളിതമായ ചിത്രകഥകൾ വായിക്കൽ |

| | | |
|---|---|---|
| | • ആഴ്ചയിലെ ദിവസങ്ങൾ ( الأحد، الإثنين، الثلاثاء...)<br>• മാസങ്ങൾ ( محرم، صفر، ربيع الأول...)<br>• സമയം പറയാൻ (الساعة...) | |

## . അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്കുള്ള പാഠ്യപദ്ധതി (5-7 ക്ലാസ്) ക്ലാസ് 5-6

| പഠന ലക്ഷ്യങ്ങൾ | പാഠഭാഗങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| • മധ്യമ നിലവാരത്തിലുള്ള സംഭാഷണങ്ങൾ നടത്തുക<br>• ചെറിയ കഥകളും ലേഖനങ്ങളും വായിക്കുക<br>• അടിസ്ഥാന വ്യാകരണ നിയമങ്ങൾ മനസ്സിലാക്കുക | 1. **ആഴ്ച 1-4: വിശദമായ സ്വയം പരിചയം**<br>• വ്യക്തിഗത വിവരങ്ങൾ വിശദീകരിക്കൽ<br>• എന്റെ കുടുംബത്തെ പരിചയപ്പെടുത്തൽ<br>• ഭാവിയിലെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും<br>2. **ആഴ്ച 5-8: അറബിക് സംസ്കാരം**<br>• അറബ് രാജ്യങ്ങൾ, തലസ്ഥാനങ്ങൾ<br>• പ്രധാന ആഘോഷങ്ങൾ ( عيد الفطر، عيد الأضحى)<br>• പരമ്പരാഗത ഭക്ഷണം, വസ്ത്രം<br>3. **ആഴ്ച 9-12: അടിസ്ഥാന വ്യാകരണം**<br>• ലിംഗബോധം ( مذكر/مؤنث)<br>• വചനം (مفرد/جمع)<br>• സർവനാമങ്ങൾ ( أنا، | • അറബിക് ഭാഷയിൽ ഡയറി എഴുതൽ<br>• ചെറിയ നാടകങ്ങൾ അവതരിപ്പിക്കൽ<br>• അറബിക് കവിതകൾ/ഗാനങ്ങൾ പഠിക്കൽ<br>• അറബ് ലോകത്തെക്കുറിച്ചുള്ള പ്രൊജക്റ്റ് വർക്ക് |

| | | |
|---|---|---|
| | هي ،هو ،أنت...)<br>• അടിസ്ഥാന ക്രിയകൾ | |

**ക്ലാസ് 7**

| പഠന ലക്ഷ്യങ്ങൾ | പാഠഭാഗങ്ങൾ | പ്രവർത്തനങ്ങൾ |
|---|---|---|
| • സ്വതന്ത്രമായി സംഭാഷണം നടത്തുക<br>• വിവിധ വിഷയങ്ങളിൽ ലഘുലേഖനങ്ങൾ എഴുതുക<br>• സങ്കീർണ്ണമായ വ്യാകരണ നിയമങ്ങൾ മനസ്സിലാക്കുക | 1. **ആഴ്ച 1-4: പരിസ്ഥിതിയും കാലാവസ്ഥയും**<br>• കാലാവസ്ഥയെ കുറിച്ച് സംസാരിക്കൽ<br>• പരിസ്ഥിതി സംരക്ഷണം<br>• പ്രകൃതി പ്രതിഭാസങ്ങൾ<br>2. **ആഴ്ച 5-8: യാത്രകളും വിനോദ സഞ്ചാരവും**<br>• യാത്രാ വിവരണങ്ങൾ<br>• അറബ് രാജ്യങ്ങളിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ<br>• യാത്രാ സംഭാഷണങ്ങൾ<br>3. **ആഴ്ച 9-12: മാധ്യമങ്ങളും സാങ്കേതികവിദ്യയും**<br>• ഡിജിറ്റൽ ഉപകരണങ്ങൾ<br>• സോഷ്യൽ മീഡിയ<br>• ഭാവി സാങ്കേതികവിദ്യകൾ | • അറബിക് ന്യൂസ് റിപ്പോർട്ടുകൾ വായിക്കൽ, ചർച്ച ചെയ്യൽ<br>• ഒരു അറബ് രാജ്യത്തേക്കുള്ള സന്ദർശനത്തിന്റെ പ്ലാൻ തയ്യാറാക്കൽ<br>• അറബിക് ബ്ലോഗ് എഴുതൽ<br>• വീഡിയോ പ്രസന്റേഷനുകൾ തയ്യാറാക്കൽ |

## 4. മൂല്യനിർണയ രീതികൾ

### പ്രൈമറി വിഭാഗം (ക്ലാസ് 1-4)

- വാചിക പരിശോധന (40%)
- ചെറിയ ക്ലാസ് ടെസ്റ്റുകൾ (30%)
- പ്രോജക്ട് വർക്ക് (20%)
- ക്ലാസ് പങ്കാളിത്തം (10%)

### അപ്പർ പ്രൈമറി വിഭാഗം (ക്ലാസ് 5-7)

- ലിഖിത പരീക്ഷ (35%)
- വാചിക പരീക്ഷ (25%)
- പ്രോജക്ട് വർക്ക് (20%)
- ഹോം അസൈൻമെന്റുകൾ (10%)
- ക്ലാസ് പങ്കാളിത്തം (10%)

## 5. പഠന സഹായ ഉപകരണങ്ങൾ

### പ്രൈമറി വിദ്യാർത്ഥികൾക്ക്

- അറബിക് ഫ്ലാഷ് കാർഡുകൾ
- ചിത്രങ്ങളോടു കൂടിയ അറബിക് പദാവലി പുസ്തകങ്ങൾ
- അറബിക് കഥാ പുസ്തകങ്ങൾ (ചിത്രങ്ങളോടുകൂടിയത്)
- അറബിക് കാർട്ടൂൺ വീഡിയോകൾ
- എഴുത്ത് പരിശീലനത്തിനുള്ള വർക്ക്ബുക്കുകൾ

### അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക്

- അറബിക് ഗ്രാമർ പുസ്തകങ്ങൾ
- ഓഡിയോ വിഭവങ്ങൾ (അറബിക് സംഭാഷണങ്ങൾ)
- സാധാരണ സാഹചര്യങ്ങളിലെ സംഭാഷണ പരിശീലനത്തിനുള്ള വർക്ക്ബുക്കുകൾ
- അറബിക് സാഹിത്യത്തിന്റെ എളുപ്പ പതിപ്പുകൾ
- അറബിക് ഭാഷാ ആപ്പുകൾ (ഡുവോലിംഗോ, മെംറീസ് പോലുള്ളവ)

# 6. രക്ഷാകർത്തൃ സഹായം

## വിദ്യാർത്ഥികളുടെ പഠനത്തെ സഹായിക്കാനുള്ള നിർദ്ദേശങ്ങൾ

1. വീട്ടിൽ അറബിക് സംസാരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക
2. അറബിക് കാർട്ടൂണുകൾ, പാട്ടുകൾ എന്നിവ കാണാൻ അനുവദിക്കുക
3. അറബിക് കളികൾ കളിക്കാൻ പ്രോത്സാഹിപ്പിക്കുക
4. അറബിക് കലാ-സാംസ്കാരിക പരിപാടികളിൽ പങ്കെടുക്കാൻ അവസരമൊരുക്കുക
5. വിദ്യാർത്ഥികളുടെ പുരോഗതി നിരീക്ഷിക്കുകയും അധ്യാപകരുമായി നിരന്തരം ബന്ധപ്പെടുകയും ചെയ്യുക

# 7. പ്രത്യേക പ്രവർത്തനങ്ങൾ

## പ്രതിമാസ പ്രവർത്തനങ്ങൾ

- അറബിക് ഭാഷാ ദിനം - സ്കിറ്റുകൾ, പാട്ടുകൾ, കവിതകൾ അവതരിപ്പിക്കൽ
- അറബിക് ഭക്ഷണ മേള
- അറബിക് കാലിഗ്രഫി വർക്ക്ഷോപ്പ്
- അറബിക് സിനിമ പ്രദർശനം (വിദ്യാർത്ഥികളുടെ പ്രായത്തിന് അനുയോജ്യമായത്)

## വാർഷിക പ്രവർത്തനങ്ങൾ

- അറബ് സാംസ്കാരിക ദിനം
- അറബിക് ഭാഷാ പ്രസംഗ മത്സരം
- അറബിക് ഭാഷയിലുള്ള പ്രോജക്ട് പ്രദർശനം
- വിദ്യാർത്ഥികളുടെ പുരോഗതി പ്രദർശനം (ഓപ്പൺ ഹൗസ്)

## 8. ഉപസംഹാരം

ഈ മാസ്റ്റർ പ്ലാൻ പ്രൈമറി, അപ്പർ പ്രൈമറി വിദ്യാർത്ഥികൾക്ക് അറബിക് ഭാഷയുടെ അടിസ്ഥാന വൈദഗ്ധ്യം നേടാൻ സഹായിക്കും. ഇത് അവരുടെ അക്കാദമിക പഠനത്തിനു മാത്രമല്ല, ഭാവിയിലെ തൊഴിൽ അവസരങ്ങൾക്കും അന്താരാഷ്ട്ര വിനിമയത്തിനും സഹായകമാകും. ഭാഷാപഠനം ഒരു ആനന്ദകരമായ അനുഭവമാക്കി മാറ്റുന്നതിനുള്ള എല്ലാ ശ്രമങ്ങളും നടനടത്തുന്നതാണ്.

# Academic Master Plan 2025-26

# UP English

| Objective | Activity | Duration/ Period | In-charge | Financial support |
|---|---|---|---|---|
| #To check the learner's level of understanding in English language and to give proper assistance to the slow learners. | Pretest | June first week | | |
| #To enable the learner to learn language effortlessly by listening to English and thereby enhance their speaking skill | - English assembly<br>- **The student station.** ( Use School radio to telecast English news and Position it as the platform for students to showcase their talents.)<br>- 1 minute noodle talk.<br>- Speech competition.<br>- Recitation competition.<br>- English fest. | weekly once<br>Daily<br>Daily<br>July and Nov<br>August<br>January | | |
| # To encourage the learner to practice expressive reading independently | - Reading card preparation<br>- Reading competition<br>- **News Byte quiz** ( based on English newspaper)<br>- **Spell bee competition** ( vocabulary and meanings)<br>- Reader of the month | June<br>June19/20<br>Every Friday<br>October and March | | |

| | | | | |
|---|---|---|---|---|
| | - Book review competition<br>- Project **EvAR** (Everyone a reader). | December<br><br>June to March | | |
| # To enable the learner to write creatively and confidently in English. | - Unit wise dictionary preparation<br>- Class magazine<br>- **The Brainy Bulletin.**Display sign boards,posters etc in the school notice board and classroom<br>- Handwriting competition<br>- English School newspaper | monthly<br><br>On day Celebration<br><br>September<br><br>(quarterly) | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -26

## UP സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാങ്കേതികവിദ്യയുടെ സഹായത്തോടെ പഠനാനുഭവങ്ങൾ കൂടുതൽ ഹൃദ്യവും ആഴത്തിലുള്ളതും ലളിതവുമാക്കി തീർക്കുക | **Enjoy......Enhance**<br>ഓരോ ക്ലാസിലെയും പാഠഭാഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് വിദ്യാർത്ഥികളെ ഉൾപ്പെടുത്തി റീൽസ് നിർമ്മാണം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| പഠനത്തെനേരനുഭവമാക്കി മാറ്റാൻ | **ഇടം**<br>പഠനത്തെ നേരനുഭവമാക്കി മാറ്റാൻ ഉതകുന്ന സാമൂഹ്യശാസ്ത്ര ലാബിന്റെ സജ്ജീകരണം | 3 മാസം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പൊതുകാര്യങ്ങളിൽ അറിവ് നേടി സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടാനുള്ള അറിവ് ആർജിച്ചെടുക്കുക | **Ouiz battle/Weekly quiz**<br>പാഠപുസ്തക പഠനത്തോടൊപ്പം പൊതുവിഷയങ്ങളിൽ താല്പര്യം ജനിപ്പിക്കുന്നതിനായി വാരാന്ത്യ പത്ര ക്വിസ് | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ഭൂപട വായനയിൽ പ്രാവീണ്യം നേടുന്നതിനും ലോക രാജ്യങ്ങളുടെസ്ഥാനം കൃത്യമായിതിരിച്ചറിയുന്നതിനും | **എന്റെലോകംഎന്റെകയ്യിൽ**<br>ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട ഭൂപടംസ്വയം നിർമ്മിച്ച വ്യക്തിഗത അറ്റ്ലസ് നിർമ്മാണം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

**സംസ്കൃതം**

**അക്കാദമിക്ക് മാസ്റ്റർപ്ലാൻ**

**ക്ലാസ് - 5, 6, 7**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. **ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം**<br><br>**UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ .** | **1.ഭാഷ ജ്ഞാനം**<br><br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം.**<br><br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

Edit with WPS Office

| | | | | | |
|---|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. **വീട് ഒരു പരീക്ഷണശാല.**<br>**[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ]** | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. **വായനാലോകം .**<br>**[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ]** | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

Edit with WPS Office

| | | | | |
|---|---|---|---|---|
| **4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ .** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| **5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| **6. <u>ആസ്വാദന ലോകം .</u>**<br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

Edit with WPS Office

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br><br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

Edit with WPS Office

അക്കാദമിക് മാസ്റ്റർ പ്ലാൻ ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വീക്ഷണം |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ കുട്ടികളിൽ എത്തിക്കുന്നു. | • പ്രീ ടെസ്റ്റുകൾ നടത്തി ചതുഷ്ക്രിയകൾ ചെയ്യുന്നതിനുള്ള ബുദ്ധിമുട്ട് കുട്ടികളിൽ കണ്ടെത്തുന്നു<br>• ചതുഷ്ക്രിയകൾ ചെയ്യുന്നതിൽ ബുദ്ധിമുട്ട് ഉള്ള കുട്ടികളെ കണ്ടെത്തി വിവിധ പ്രവർത്തനങ്ങൾ നൽകി അവരെ മുന്നോട്ട് കൊണ്ടുവരുന്നു.<br>• ഐസിടിയുടെ സഹായത്തോടെ ഗെയിംസ് മറ്റു പ്രവർത്തനങ്ങൾ എന്നിവ നൽകുന്നു. | ജൂൺ<br><br>ജൂലൈ - ഡിസംബർ<br><br>ജൂലൈ - മാർച്ച് | ഗണിത അധ്യാപകർ | ഗണിത ക്ലബ്ബ് |
| ഗണിത പഠനം രസകരമാക്കൽ | • ഓരോ പാഠഭാഗവുമായി ബന്ധപ്പെടുത്തിയുള്ള പഠന ഉൽപന്നങ്ങൾ നിർമ്മിക്കൽ (ജോമേട്രിക്കൽ ചാർട്ട്, മോഡലുകൾ, പ്രോജക്ടുകൾ) ഇവ വീട്ടിലെ ഗണിത ലാബിൽ സൂക്ഷിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക.<br>• കുട്ടികളുടെ പ്രവർത്തനങ്ങൾ ഗണിത ബോർഡിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ - മാർച്ച് | ഗണിത അധ്യാപകർ<br><br>ഗണിത ക്ലബ് അംഗങ്ങൾ | ഗണിത ക്ലബ്ബ് |
| ഗണിതത്തിൽ കുട്ടികളുടെ താല്പര്യം വർദ്ധിപ്പിക്കൽ | • ഗണിത ക്വിസ് ആഴ്ചതോറും ഉള്ള ഗണിത ക്വിസ് രാവിലെ ചോദ്യം പ്രദർശിപ്പിക്കുകയും വൈകുന്നേരത്തിനുള്ളിൽ ഉത്തരം ബോക്സിൽ നിക്ഷേപിക്കാൻ ആവശ്യപ്പെടുകയും ചെയ്യുന്നു.ഓരോ ആഴ്ചയിലും | ജൂലൈ - ഫെബ്രുവരി | ഗണിത അധ്യാപകർ<br><br>വിദ്യാർത്ഥികൾ | ഗണിത ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | ഓരോ വിജയി.<br>• ഗണിത അസംബ്ലി അക്കാദമിക വർഷത്തിൽ മൂന്ന് തവണ<br>• കുട്ടികളുടെ സൃഷ്ടികൾ ഉപയോഗിച്ചുകൊണ്ടുള്ള മാഗസിൻ നിർമ്മാണം. | ജൂലൈ<br><br>സെപ്റ്റംബർ<br>ജനുവരി | | |
| ഗണിതത്തിൽ വിവിധ കഴിവുകൾ ഉള്ള കുട്ടികളെ കണ്ടെത്തൽ | • ജോമട്രിക്കൽ ചാർട്ട് മത്സരം<br>• നമ്പർ ചാർട്ട് മത്സരം<br>• നിശ്ചല മാതൃക നിർമ്മാണ മത്സരം | ജൂൺ<br><br>ജൂലായ്<br><br>ആഗസ്റ്റ് | ഗണിത അധ്യാപകർ<br><br>വിദ്യാർത്ഥികൾ | ഗണിത ക്ലബ്ബ് |
| ഗണിതം മധുരമാക്കൽ | • ഗണിതത്തിൽ പ്രാവീണ്യമുള്ള മറ്റ് അധ്യാപകരെ വെച്ച് ക്ലാസ് അല്ലെങ്കിൽ വർക്ക്ഷോപ്പ് നടത്തുന്നു<br>• പ്രദർശനം കുട്ടികൾ തയ്യാറാക്കിയ പ്രോജക്ടുകൾ ചാർട്ടുകൾ ചിത്രങ്ങൾ മോഡലുകൾ എന്നിവ പ്രദർശിപ്പിക്കുന്നു<br>• ഇത്തരം വസ്തുക്കൾ കാണികൾക്ക് മുന്നിൽ അവതരിപ്പിക്കാനുള്ള അവസരവും നൽകുന്നു<br>• ദിനാചരണ പ്രവർത്തനങ്ങൾ | ജനുവരി<br><br>ഫെബ്രുവരി<br><br>ഫെബ്രുവരി<br><br>അക്കാദമിക വർഷം | അധ്യാപകർ<br><br>ഗണിത ക്ലബ് അംഗങ്ങൾ<br><br>വിദ്യാർത്ഥികൾ | ഗണിത ക്ലബ്ബ് |

അക്കാദമിക് മാസ്റ്റർ പ്ലാൻ: അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വീക്ഷണം |
|---|---|---|---|---|
| ശാസ്ത്ര അഭിരുചി വളർത്തി ചുറ്റുപാടുകളെ ശാസ്ത്രവുമായി ബന്ധപ്പെടുത്തൽ. | സസ്യവൈവിധ്യ രജിസ്റ്റർ, ചുറ്റുപാടുമുള്ള സസ്യങ്ങളെ ശേഖരിച്ച് സസ്യവൈവിധ്യത്തെ കുറിച്ച് അവബോധം വളർത്തൽ, പ്രോജക്ട്, വർഗീകരണം ഹെർബേറിയം, പഠനയാത്ര, ആവാസ വ്യവസ്ഥ വിവിധ കൃഷി രീതികൾ പരിചയപ്പെടൽ, കാർഷിക ഗവേഷണ സ്ഥാപനങ്ങളുടെ സേവനങ്ങൾ. | അക്കാദമിക വർഷം | അധ്യാപകർ, സയൻസ് ക്ലബ് അംഗങ്ങൾ<br>സീഡ് ക്ലബ്ബ്<br>രക്ഷിതാക്കൾ | സയൻസ് ക്ലബ് |
| ആനുകാലിക വിഷയങ്ങളിൽ ശാസ്ത്രത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ. | ശാസ്ത്ര ചുമർ, വിസ്മയ ചുമർ ശാസ്ത്രവുമായി ബന്ധപ്പെട്ട പത്രവാർത്തകൾ, പ്രൊജക്റ്റ്, സെമിനാർ. | അക്കാദമിക വർഷം | അധ്യാപകർ, സയൻസ് ക്ലബ് അംഗങ്ങൾ | സയൻസ് ക്ലബ് |
| വിവിധ ഭക്ഷണത്തിൽ അടങ്ങിയിരിക്കുന്ന പോഷക ഘടകങ്ങളുടെ പ്രാധാന്യവും അപര്യാപ്ത രോഗങ്ങളും. | ഭക്ഷ്യമേള സംഘടിപ്പിച്ച് ഓരോ ഭക്ഷണപദാർത്ഥങ്ങളിലും അടങ്ങിയിരിക്കുന്ന പോഷകഘടകങ്ങളെ കണ്ടെത്തി അവതരിപ്പിക്കൽ. | അക്കാദമിക വർഷം | അധ്യാപകർ, സയൻസ് ക്ലബ് അംഗങ്ങൾ | സയൻസ് ക്ലബ് |
| ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | ശാസ്ത്ര മാജിക് നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ സാധ്യമാക്കുന്നു. പരീക്ഷണ | അക്കാദമിക വർഷം | അധ്യാപകർ, സയൻസ് ക്ലബ് അംഗങ്ങൾ | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| | കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. ശാസ്ത്രമേഖലയിലെ പ്രമുഖരുമായി അഭിമുഖം, ഫാക്കൽറ്റി ക്ലാസുകൾ, ശാസ്ത്ര ശില്പശാലകൾ എന്നിവ സംഘടിപ്പിക്കുന്നു | | | |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക. | ഹോം ലാബ്, മാസത്തിൽ രണ്ട് തവണ അസംബ്ലിയിൽ പരീക്ഷണങ്ങളുടെ അവതരണം. | അക്കാദമിക വർഷം | അധ്യാപകർ, സയൻസ് ക്ലബ് അംഗങ്ങൾ | സയൻസ് ക്ലബ് |
| നൂതന സാങ്കേതികവിദ്യയുടെ സഹായത്താൽ ശാസ്ത്രത്തെ കൂടുതൽ അടുത്തറിഞ്ഞ് ശാസ്ത്ര താല്പര്യം വളർത്തിയെടുക്കൽ | വിസ്മയങ്ങളുടെ ലോകം ബഹിരാകാശം പ്ലാനറ്റോറിയം സന്ദർശനം, ബഹിരാകാശ സഞ്ചാരികൾ,വാഹനങ്ങൾ എന്നിവയുടെ വിവരശേഖരണം, പതിപ്പ് തയ്യാറാക്കൽ, ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു | ഒക്ടോബർ - ഡിസംബർ | അധ്യാപകർ, സയൻസ് ക്ലബ് അംഗങ്ങൾ | സയൻസ് ക്ലബ് |